
# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26



## സി എം എസ് എൽ പി സ്കൂൾ കാടമുറി

## ആമുഖം

സി എം എസ് എൽ പി സ്കൂൾ കാടമുറി
'സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26'
സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു.
സ്കൂളിന്റെ കാഴ്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ,
വിവിധ അക്കാദമിക, പാഠ്യേതര മേഖലകളിലെ
വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ
രേഖയിൽ പ്രതിപാദിക്കുന്നു.
പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം
ഉയർത്തുന്നതിനും, കുട്ടികളുടെ
ബൗദ്ധികവും മാനസികവുമായ
വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും
ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും,
ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ
മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും
വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകൽപ്പന
ചെയ്തിരിക്കുന്നത്. സജീവമായ പി.ടി.എ., എം.ടി.എ.,
അർപ്പണബോധമുള്ള അധ്യാപക സംഘം, പി
ന്തുണ നൽകുന്ന രക്ഷിതാക്കൾ, വിശാലമായ
പൊതുസമൂഹം എന്നിവയുടെ സജീവ
സഹകരണത്തോടെയാണ് ഈ തന്ത്രപരമായ രേഖ
തയ്യാറാക്കിയിരിക്കുന്നത്.

- റോയി മോൻ കെ -
ഹെഡ്മാസ്റ്റർ

സി എം എസ് എൽ പി സ്കൂൾ കാടമുറി

## സ്കൂൾ അധ്യാപകർ



**ROYMON K**
**(Headmaster)**

## STAFF

**1.BIJUMON. K. JOSE**
**2.SNEHAMOL JACOB-STAFF SECRETARY**
**3.SAJINI SABU-SRG CONVENER**

## OUR PTA COMMITTEE



അടിസ്ഥാന വിവരങ്ങൾ

കാടമുറി സിഎംഎസ് എൽ പി സ്കൂളിന്റെ ഭരണപരവും ബന്ധപ്പെടുവാനുമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു. സ്കൂളിന്റെ അടിസ്ഥാന വിവരങ്ങളെക്കുറിച്ച് ഇത് ഒരു സംക്ഷിപ്ത രൂപമാണ്.

| വിഭാഗം | വിവരങ്ങൾ |
|---|---|
| സ്കൂളിന്റെ പേര് | സി എം എസ് എൽ പി സ്കൂൾ കാടമുറി |
| മേൽവിലാസം | വാകത്താനം, കോട്ടയം |
| മൊബൈൽ നമ്പർ | **094479 12059** |
| സ്കൂൾ കോഡ് | **33341** |
| വിദ്യാഭ്യാസ ഉപജില്ല | ചങ്ങനാശ്ശേരി |
| വിദ്യാഭ്യാസ ജില്ല | കോട്ടയം |
| റവന്യൂ ജില്ല | കോട്ടയം |
| ബി ആർ സി | ചങ്ങനാശ്ശേരി |
| സി ആർ സി | വാകത്താനം |
| ഗ്രാമപഞ്ചായത്ത് | വാകത്താനം |
| ബ്ലോക്ക് പഞ്ചായത്ത് | മാടപ്പള്ളി |
| ജില്ലാ പഞ്ചായത്ത് | കോട്ടയം |
| നിയമസഭാ മണ്ഡലം | പുതുപ്പള്ളി |
| താലൂക്ക് | ചങ്ങനാശ്ശേരി |
| വില്ലേജ് | വാകത്താനം |
| ഈ മെയിൽ | **cmslpskadamury619@gmail.com** |
| **facebook** | **cmslpskadamury** |
| **Schoolwiki** | **Kadamury cmslps** |
| **Insta** | **Kadamury cmslps** |

## സ്കൂൾ വിവരങ്ങളും പശ്ചാത്തലവും

കാടമുറി സി എം എസ് എൽ.പി. സ്കൂൾ, വിദ്യയുടെ വെളിച്ചം ഇല്ലാതെജാതീയ തിന്മകളുംതൊടിച്ചുകൂടായ്മകളും(?) നടമാടിയിരുന്നഒരുകാലത്ത്,വിദ്യാഭ്യാസംനിഷേധിച്ചിരുന്നഒരുകാലത്ത്ഈപ്രദേശത്തെപാവപ്പെട്ടജനവിഭാഗത്തെ അറിവിന്റെ വെളിച്ചം പകർന്ന് സമൂഹത്തിലേക്ക് കൈപിടിച്ചുയർത്തുവാൻ ഈസ്കൂളിനുകഴിഞ്ഞു.ക്രിസ്ത്യൻമിഷനറിമാർ പള്ളിയോട് ചേർന്നാണ് പള്ളിക്കൂടങ്ങൾസ്ഥാപിച്ചത് ഇന്നും ഇത് പള്ളിയോട് ചേർന്ന്സി.എം.എസ്കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽപ്രവർത്തിക്കുന്നു. ആദ്യകാലത്ത് പുല്ലുമേഞ്ഞ ഷെഡുകളിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് കാലാകാലങ്ങളായിഭൗതീക സാഹചര്യങ്ങൾ പുതുക്കി ഇന്നത്തെനിലയിലായി.വാകത്താനം പഞ്ചായത്തിലെ ആദ്യ സ്കൂളാണിത്. ഇന്നിത് ചങ്ങനാശ്ശേരിസബ്ജില്ലയിലെമികച്ച സ്കൂളുകളിലൊന്നാണ് കുട്ടികൾക്ക് യാത്രചെയ്യുന്നതിന് സ്കൂൾ

വാഹനം, ഡിജിറ്റൽ ക്ലാസ്സ് റൂം, കുടിവെള്ള സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങൾഒരുക്കിയിരിക്കുന്നു.. ഇതിന്റെയെല്ലാം പിന്നിൽ അദ്ധ്യാപകരുടെകഠിനപ്രയത്നവും രക്ഷിതാക്കളുടെ സഹകരണവും ആണ് അനേകർക്ക് അറിവിന്റെവെളിച്ചം പകർന്ന് ഉന്നതങ്ങളിൽ എത്തിച്ച് ഈ സ്കൂൾ അതിന്റെ ജൈത്രയാത്രതുടരുകയാണ്.

## ഭൗതികസൗകര്യങ്ങൾ

എട്ട് ക്ലാസ് മുറികളും ഇന്ററാക്ടീവ് ഡിജിറ്റൽ ക്ലാസ് മുറിയും ഓഫീസ് മുറിയും സ്റ്റാഫ് മുറിയും പ്രീപ്രൈമറി ക്ലാസ് മുറികളും ഉണ്ട്. കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനായി ഡൈനിങ് റൂം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് വായന മുറി ഒരുക്കിയിരിക്കുന്നു.കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ശുചിമുറികൾ, കുടിവെള്ള സ്രോതസ്സുകൾ, പൈപ്പുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാചക പുര , സ്റ്റോർ റൂമും സ്കൂളിൽ ഉണ്ട്. കുട്ടികൾക്ക് ഇരിക്കുവാനുള്ള ബെഞ്ച്,ഡെസ്ക് എന്നിവയും നഴ്സറി ക്ലാസ്സുകൾക്ക് കസേരയും ഒരുക്കിയിരിക്കുന്നു

## മാസ്റ്റർ പ്ലാനിന്റെ പൊതു ലക്ഷ്യങ്ങൾ

സമഗ്രമായ വിദ്യാർത്ഥി വികസനത്തിനും സ്കൂളിന്റെ സമഗ്രമായ പുരോഗതിക്കും വേണ്ടി 16 പ്രധാന ലക്ഷ്യങ്ങൾ മാസ്റ്റർ പ്ലാൻ രൂപരേഖ ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ അക്കാദമികം, സാമൂഹികം, പാരിസ്ഥിതികം, സാങ്കേതികം എന്നീ മേഖലകളെ ഉൾക്കൊള്ളുന്നു, ഇത് വിദ്യാഭ്യാസ മികവിനായുള്ള ഒരു വിശാലമായ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു.

പ്രധാന അക്കാദമികവും അടിസ്ഥാനപരമായ കഴിവുകൾക്കായുള്ള ലക്ഷ്യങ്ങളിൽ, സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നത് ഉൾപ്പെടുന്നു. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി [redacted] ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നു. "ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന തത്വം മുൻനിർത്തി, കുട്ടികളുടെ വ്യക്തിഗത അഭിരുചികൾക്കും കഴിവുകൾ[redacted]ക്കും അനുസരിച്ച് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.

അധ്യാപനപരവും വിഭവപരവുമായ മെച്ചപ്പെടുത്തൽ ലക്ഷ്യങ്ങളിൽ, ക്ലാസ്സ്മുറി പ്രവർത്തനങ്ങളിലൂടെ ഒരു വായനാ സംസ്കാരം വളർത്തുന്നത് ഉൾപ്പെടുന്നു. അധ്യാപകരെ ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ ശാക്തീകരിക്കും, അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പാക്കും. ഇതിൽ സയൻസ്, കമ്പ്യൂട്ടർ ലാബുകളുടെ ആധുനികവത്കരണവും ഉൾപ്പെടുന്നു. രക്ഷിതാക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന്, ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും, ഇതിനായി വ്യക്തിഗത അല്ലെങ്കിൽ കോർണർ പി.ടി.എ.കൾ ചേരും. കൂടാതെ, ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും പാഠഭാഗങ്ങൾക്കനുസൃതമായി അക്കാദമിക പിന്തുണയ്ക്കായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും. 'വിദ്യാലയം ഒരു
പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി വിദ്യാലയ പരിസരങ്ങളെ അറിവ് നിർമ്മാണ ഇടങ്ങളാക്കി മാറ്റാ വിഭാവനം ചെയ്യുന്നു. വിദ്യാർത്ഥി ശാക്തീകരണവും സാമൂഹിക വികസനവും ലക്ഷ്യമിട്ട്, അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനായി ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.


പാരിസ്ഥിതികവും സാമൂഹികവു സംരംഭങ്ങളിൽ, വിദ്യാലയത്തെ ഒരു ജൈവവൈവിധ്യ കലവറയാക്കി മാറ്റുന്നതും, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം എന്നിവ കർശനമായി നടപ്പാക്കി മാലിന്യമുക്ത വിദ്യാലയ പദവി നേടുന്നതും, ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നതും ഉൾപ്പെടുന്നു. കാർഷിക മേഖലകൾ, ഔഷധത്തോട്ടങ്ങൾ, ഉദ്യാനങ്ങൾ എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യും.

സാങ്കേതിക മുന്നേറ്റം ഒരു പ്രധാന ലക്ഷ്യമാണ്, മുഴുവൻ വിദ്യാലയത്തെയും ഹൈടെക്കാക്കി മാറ്റാൻ പദ്ധതി അവസാനമായി, പോക്സോ (ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം) സംബ ബോധവൽക്കരണ പരിപാടികളിലൂടെയും രാസ ലഹരി, മൊബൈൽ അഡിക്ഷൻ എന്നിവയ്ക്കെതിരായ മുൻകരുതലുകളിലൂടെയും സുരക്ഷയ്ക്കും ക്ഷേമത്തിനും മുൻഗണന നൽകുന്നു.

# ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രോത്സാഹിപ്പിക്കുക. [redacted] കുട്ടികളിൽ ആവിഷ്കാരങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകുക എന്നിവയാണ് പ്രധാന ആശയവിനിമയ ലക്ഷ്യങ്ങൾ. സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും വിദ്യാർത്ഥികളെ സജ്ജരാക്കാൻ [redacted] ലക്ഷ്യമിടുന്ന വിഭവങ്ങളുടെ ഉപയോഗവും ഒരു പ്രധാന വശമാണ്, [redacted] ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക, ആശയപരമായ അവതരണ രീതികളിലൂടെ അടിസ്ഥാന ഭാഷ കഴിവുകൾ നേടുന്നതിന് സചിത്ര നോട്ട്ബുക്കുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്നി ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, ക്ലാസ്സ് തല വായനാ കോർണറുകളിലും സ്കൂൾ ലൈബ്രറിയിലും ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കാനും, "ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണവർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യാനും പദ്ധതിയിൽ ഉൾപ്പെടുന്നു





## ഗണിതം

1. ഗണിതശാസ്ത്ര ലക്ഷ്യങ്ങൾ അടിസ്ഥാന ഗണിതക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാക്കുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ ക്ലാസും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നത് പാഠ്യപദ്ധതിയുടെ വിന്യാസത്തിൽ നിർണായകമാണ്. എല്ലാ കുട്ടികളിലും ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനിക വികസനത്തിന് ഊന്നൽ നൽകുന്നു. ഗണിത പഠനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

# പരിസര പഠനം

പരിസര പഠനത്തിനായുള്ള ലക്ഷ്യങ്ങൾ ശാസ്ത്രീയ താല്പര്യം വളർത്തുന്നതിലും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നത് നൈപുണ്യ വികസനത്തിൽ ഉൾപ്പെടുന്നു. ലാബ് ആധുനികവത്കരണവും ഈ പദ്ധതി ലക്ഷ്യമിടുന്നു, ലാബ് ആധുനിക സൗകര്യങ്ങളുടെ സജ്ജീകരിക്കുകയും ആധുനിക ശാസ്ത്ര ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് ദിപ്പിക്കുകയും ചെയ്യും. ശാസ്ത്രത്തിലെ നൂതനാശയങ്ങളിൽ നിന്ന് കുട്ടികൾക്ക് പ്രയോജനം നേടാൻ പുൽക്കുന്നതിലൂടെയും ശാസ്ത്ര വിദ്യാഭ്യാസത്തിനായി ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെയും നവീകരണവും സാങ്കേതികവിദ്യയും സമന്വയിപ്പിക്കുന്നു.



# പ്രവർത്തി പരിചയം

പ്രവൃത്തി പരിചയ മേഖല എല്ലാ കുട്ടികളിലും നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിലൂടെ വിവരസമാഹരണ ശേഷി വളർത്തുന്നതിനും ഇത് ഊന്നൽ നൽകുന്നു. പ്രവൃത്തി പരിചയ പ്രവർത്തനങ്ങളെ മറ്റ് വിഷയങ്ങളുമായും പഠന മേഖലകളുമായും ബന്ധിപ്പിക്കുന്നതിലൂടെ ഒരു അന്തർവിഷയ ബന്ധം സ്ഥാപിക്കുന്നത് ഒരു പ്രധാന വശമാണ്.

## കലാപരിശീലനം

കലാപരിശീലന ലക്ഷ്യങ്ങളിൽ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുകയും കലാഭിരുചി വളർത്തുകയും ചെയ്യുക എന്നത് ഉൾപ്പെടുന്നു. ഓരോ കുട്ടിയുടെയും തനതായ കഴിവ് വികസിപ്പിക്കുന്നതിന് അവസരങ്ങൾ നൽകാനും, ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയെ കലാ വിദ്യാഭ്യാസത്തിൽ സമന്വയിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. "ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന വിശ്വാസം വളർത്തുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഒരു പ്രധാന ലക്ഷ്യം. ഇത് ആത്മവിശ്വാസവും വ്യക്തിഗത സാധ്യതകളും പ്രോത്സാഹിപ്പിക്കുന്നു.

## ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ, കുട്ടികളെ അവരുടെ മനസ്സിന്റെ ശക്തിയെക്കുറിച്ച് ബോധവാന്മാരാക്കുകയും ഏതൊരു ലക്ഷ്യവും നേടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ കുട്ടികൾക്കും ശാരീരികക്ഷമത ഉറപ്പാക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്, ഒപ്പം ആരോഗ്യകരമായ ശീലങ്ങൾ വളർത്തുകയും ചെയ്യുക. എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് തുല്യ അവസരങ്ങൾ നൽകാനും, ക്യാമ്പസിനെ മാലിന്യമുക്തവും ഹരിതാഭവുമാക്കി പാരിസ്ഥിതിക ആരോഗ്യത്തിന്



# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം :** 1
**പേര് :** **പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | [redacted] | 1000 |

**പ്രവർത്തനം :** 2
**പേര് :** **എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല :** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര് :** **ഉച്ചഭാഷിണി വായന**
**ഉപമേഖല :** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടി കൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

cmskadamury

പ്രവർത്തനം : 4

പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br><br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 5

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 6

പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്ത നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

cmskadamury

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

cmskadamury

പ്രവർത്തനം : 10

പേര് : **രചനോത്സവം**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | [redacted] | 3000 |

cmskadamury

പ്രവർത്തനം : 13

പേര് : *പാട്ടരങ്ങ്*

ഉപമേഖല : *ഭാഷാ സമൃദ്ധി*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 14

പേര് : **നാട്ടുവിശേഷം കൂട്ടെഴുത്ത്**

ഉപമേഖല : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശിയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 15

പേര് : **റീഡേഴ്സ് തിയേറ്റർ**

ഉപമേഖല : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

cmskadamury

പ്രവർത്തനം : 16

പേര് : **ഭാഷോത്സവം**

ഉപമേഖല : **ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ<br>ഭാഷാ ക്ലബ്<br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17

പേര് : **അരങ്ങത്തേക്ക്**

ഉപമേഖല : **അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

cmskadamury

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**
**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | സി.ടി. ഇംഗ്ലീഷ് ക്ലബ്ബ് | - |

**പ്രവർത്തനം : 2**
**പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | എല്ലാ ആഴ്ചയിൽ ഒരു ദിവസം | സി.ടി. ഇ.ടി. ക്ലാസ്സ് ടീച്ചർ | - |

**പ്രവർത്തനം : 3**
**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | സി.ടി. ഇ.ടി. ക്ലാസ്സ് ടീച്ചർ | 2,000 |

cmskadamury

പ്രവർത്തനം : 14

പേര് : **Reading Card Work Shop**

ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | [redacted]. [redacted] കുട്ടികളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇ.സി. സി.ടി.<br>ഇംഗ്ലീഷ് ക്ലബ്ബ് | 2,000<br>1000 |

പ്രവർത്തനം : 15

പേര് : **Work Sheet Work Shop**

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 2,000<br>4000 |

cmskadamury

പ്രവർത്തനം : 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : പരീക്ഷണകിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 4

പേര് : **പരീക്ഷണോത്സവം**

ഉപമേഖല : **ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്ര ക്ലബ് | 2000 |

**രാസലഹരി, മൊബൈൽ അഡിക്ഷൻ**

പ്രവർത്തനം : 1

പേര് : **ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ**

ഉപമേഖല : **ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |
| | | | | |

# ഗണിതം

**പ്രവർത്തനം : 1**

**പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല**

**ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG | 4000 |

**പ്രവർത്തനം : 2**

**പേര് : ഗണിതലാബ് (ഗണിതമധുരം)**

**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

**പ്രവർത്തനം : 3**

**പേര് : ഗണിതമൂല**

**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 4**

**പേര് : യൂണിറ്റ് വിലയിരുത്തൽ**

**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 5**

**പേര് : ഗണിതക്ലാസ് പി. ടി. എ.**

**ഉപമേഖല : സി. പി. ടി. എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 6**

**പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# ആരോഗ്യ – കായിക – വിദ്യാഭ്യാസം

**പ്രവർത്തനം : 1**

**പേര് : കായികാരോഗ്യം**

**ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

**പ്രവർത്തനം : 2**

**പേര് : ഹെൽത്ത് ചെക്ക് അപ്പ്**

**ഉപമേഖല : ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | -<br>3,000 |

**പ്രവർത്തനം : 3**

**പേര് : കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**

**ഉപമേഖല : അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

ലപ : പ്രകടനവേദികൾ

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ാഭിരുചി ത്തുക. കളുടെ ാത്മക വുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ.<br>നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

ത്തനം : 2

: **ടാലെന്റ് ലാബുകൾ**

ലല :

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയും നാണ് എന്ന ബോധം പ്പിക്കുന്ന ുള്ളപരിശീലന പാടികൾ ുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

ത്തനം : 3

: **പ്രകടന വേദികൾ**

ലല : **സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ിയുടെയും ഷമായ ിന്റെ ത്തിന് ുരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**

ഉപമേഖല : **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2

പേര് : **I T ലാബ്**

ഉപമേഖല : **കമ്പ്യൂട്ടർ വിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**
**പേര്** : അതിഥിയെ അറിയൽ
**ഉപമേഖല** : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര്** : പ്രാദേശിക അറിവ്
**ഉപമേഖല** : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം : 3**
**പേര്** : ഫീൽഡ് ട്രിപ്പ്
**ഉപമേഖല** : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

## നിരീക്ഷണവും ഉത്തരവാദിത്തങ്ങളും

മാസ്റ്റർ പ്ലാൻ നിരീക്ഷണത്തിനായി വ്യക്തമായ ഒരു സംവിധാനവും അതിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് പ്രത്യേക ഉത്തരവാദിത്തങ്ങളും രൂപരേഖ ചെയ്യുന്നു.
ഹെഡ്മാസ്റ്റർ, പി.ടി.എ പ്രസിഡന്റ്, എസ്.എം.സി ചെയർമാൻ, എസ് ആർ ജി കൺവീനർ എസ് ആർ ജി കൺവീനർ എന്നിവരടങ്ങുന്ന പ്രധാന അംഗങ്ങളായ റോളുകൾ നിരീക്ഷണ സംവിധാനത്തിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ പുരോഗതിയുടെ പതിവ് മേൽനോട്ടം ഉറപ്പാക്കിക്കൊണ്ട്, അവലോകനങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ നടത്താൻ ഷെഡ്യൂൾ ചെയ്തിരിക്കുന്നു.
ഓരോ വിഷയ മേഖലയ്ക്കുമുള്ള ഉത്തരവാദിത്തങ്ങൾ പ്രത്യേക വ്യക്തികൾക്ക് വ്യക്തമായി നൽകിയിട്ടുണ്ട്
മലയാളം: സ്റ്റെഫിമോൾ ജേക്കബ്
ഇംഗ്ലീഷ്: ബിജുമോൻ.കെ.ജോസ്
പരിസര പഠനം: സജിനി സാബു
ഗണിതം: റോയി മോൻ.കെ
ഐ.ടി. ബിജുമോൻ കെ.ജോസ്
കല: സ്റ്റെഫിമോൾജേക്കബ്
കായികം,
പ്രവൃത്തി പരിചയം: എല്ലാ അധ്യാപകരും
മൊത്തത്തിലുള്ള പദ്ധതിയുടെ ഏകോപനം pta പ്രസിഡന്റ്, hm, എന്നിവർ കൈകാര്യം ചെയ്യുന്നു, നിരന്തര പൊതുവായ അവലോകന പ്രക്രിയയും പ്രതിമാസം നടത്തുന്നു.
നിരീക്ഷണ റോളുകളുമായി ബന്ധപ്പെട്ടും സ്കൂളിന്റെ വിവരങ്ങളുമായി ബന്ധപ്പെട്ടും റോയ്മോൻ K(ഹെഡ്മാസ്റ്റർ), സുനിത T S(പി.ടി.എ. പ്രസിഡന്റ്), സജിനി സാബു( എസ്.ആർ.ജി കൺവീനർ)എന്നിവരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന്റെ വിലാസംCMSLP SCHOOL KADAMURY, VAKATHANAM KOTTAYAMഎന്ന് നൽകിയിരിക്കുന്നു.

## നിഗമനങ്ങൾ

സി എം എസ് എൽ പി സ്കൂൾ കാടമുറി അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26, സ്കൂൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രവും ചിട്ടയായതുമായ ഒരു സമീപനത്തെ പ്രതിനിധീകരിക്കുന്നു. വിവിധ വിഷയങ്ങളിലുടനീളമുള്ള അടിസ്ഥാനപരമായ കഴിവുകൾ നേടുന്നതിനും, വിശാലമായ വ്യക്തിഗതവും സാമൂഹികവുമായ വളർച്ചയ്ക്കും ഊന്നൽ
നൽകിക്കൊണ്ട്, സമഗ്രമായ വിദ്യാർത്ഥി വികസനത്തിനായുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് ഇത് വ്യക്തമാക്കുന്നു. രക്ഷിതാക്കളെയും അധ്യാപകരെയും വിശാലമായ സമൂഹത്തെയും അതിന്റെ നിർവഹണത്തിലും മേൽനോട്ടത്തിലും സജീവമായി ഉൾപ്പെടുത്തിക്കൊണ്ട്, ഈ പദ്ധതി ഒരു സഹകരണ മനോഭാവത്തെ
അടിസ്ഥാനമാക്കിയുള്ളതാണ്.
പരീക്ഷ മാർക്കുകളിലൂടെ മാത്രമല്ല, നിരന്തരവും പ്രക്രിയാധിഷ്ഠിതവുമായ വിലയിരുത്തലിലൂടെ വിദ്യാർത്ഥികളുടെ പുരോഗതി മനസ്സിലാക്കുന്നതിനുള്ള സമഗ്ര പുരോഗതി രേഖകൾ, അക്കാദമിക നിരീക്ഷണം, വികാസത വിലയിരുത്തൽ എന്നിവയുള്ള വിശദമായ പട്ടികകൾ, പദ്ധതിയുടെ ഒരു പ്രധാന ശക്തിയാണ്. സി എം എസ് എൽ പി സ്കൂൾ കാടമുറിയുടെഅക്കാദമികവും പ്രവർത്തന ഫലവുമായ മേഖലയായി ഓരോ കുട്ടിയുടെയും കഴിവുകൾ പരിപോഷിപ്പിക്കുന്നത് വ്യക്തമായ ശ്രദ്ധ കേന്ദ്രീകരിച്ച് സജീവവും വ്യക്തി സഹായിതവുമായ ഒരു പഠന രൂപരേഖ ചെയ്യുന്ന ഒരു ശക്തമായ തന്ത്രപരമായ മാർഗനിർദ്ദേശമായി മാസ്റ്റർ പ്ലാൻ പ്രവർത്തിക്കുന്നു.